## പുതിയ അറബിക്കഥ-3

# ജിഹാദും മരുഭൂമിയിലെ രാക്ഷസനും-2



**മസ്ഊദ് അബ്ദുൽ ഹാദി**
**വിവ: വി.എ കബീർ**
**വര: ശബീബ മലപ്പുറം**

**നബീല** കഥ തുടരുന്നു.

അവസാനം ഞാനും ജിഹാദും ഒരു മുറിയിൽ ഒത്തുചേർന്നു. എനിക്ക് നാണം തോന്നി. എന്റെ ആഹ്ലാദം എങ്ങനെ പ്രകടിപ്പിക്കണമെന്ന് എനിക്കറിഞ്ഞുകൂടാ. പെൺകുട്ടികളൊക്കെ സാധാരണ താൻ സ്നേഹിക്കുന്ന അയൽപക്കത്തെ ചെറുക്കനെക്കുറിച്ച് സംസാരിക്കുമ്പോൾ സ്വന്തം മുറിയുടെ കിളിവാതിലിനു മുമ്പിൽ തെരുവിലൂടെ നടന്നുപോവുന്ന ബാല്യക്കാരനെക്കുറിച്ച് വാചാലരാകാറുണ്ട്. ചിലപ്പോളവൻ അതികാലത്ത് ഉണരും, സ്കൂളിലേക്ക് പുറപ്പെടുന്ന അവളെ കാണാൻ. ചിലപ്പോൾ വഴിയിൽ അവൾക്കായി ഒരു കത്തിടുന്നതിനെക്കുറിച്ച് ചിന്തിക്കും. ചിലപ്പോൾ എട്ടും പൊട്ടും തിരിയാത്ത തന്റെ കുഞ്ഞുപെങ്ങളുടെ വശം അവൾക്ക് സമ്മാനമായി ഒരു പനിനീർപുഷ്പമോ ഒരു കഷ്ണം ചോക്ലേറ്റോ കൊടുത്തയക്കും.

പക്ഷേ, ഞാനും ജിഹാദും ഇങ്ങനെയൊന്നും പ്രവർത്തിച്ചിട്ടില്ല. കൗമാര ഘട്ടത്തിലൂടെ കടന്നുവരാത്തവരായതുകൊണ്ടല്ല. മിക്ക പുരുഷന്മാരെയും പോലെ ജിഹാദ് മൃദുല വികാരങ്ങളൊന്നുമില്ലാത്ത ഒരു മുരടനായതുകൊണ്ടുമല്ല. ഞങ്ങളിരുവരുടെയും കുടുംബങ്ങൾ കീഴ്ക്കാമൂല്യങ്ങൾ പാലിക്കുന്നവരായിരുന്നു എന്നു മാത്രം. നിങ്ങൾക്കറിയുന്നപോലെ ഞങ്ങളുടെ സാഹചര്യം ഞങ്ങളുടെ ബന്ധങ്ങൾക്ക് പ്രത്യേകമായൊരു ഘടന സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. അതിനാൽ കാലത്തോടൊപ്പം ഞങ്ങളുടെ സ്നേഹവും രണ്ടു കുടുംബങ്ങളുടെയും കണ്ണിനും കാതിനും ചുവട്ടിൽ വളർന്ന് പക്വമായി. ജനിച്ചതു മുതൽ ഒരേ മേൽക്കൂരക്ക് താഴെയാണ് ഞങ്ങൾ ജീവിച്ചുപോന്നിരുന്നത്. എന്താണ് നിങ്ങൾക്കൊരു അത്ഭുതം പോലെ. ശരി, ഞാൻ കഥ പൂർത്തിയാക്കാം. എന്നാൽ എല്ലാ വിശദാംശങ്ങളും ഞാൻ പറയില്ല. ലജ്ജാംശങ്ങളുള്ളവ എനിക്കും ജിഹാദിനുമായി മാത്രം ഞാൻ മാറ്റിവെക്കുന്നു.

നിങ്ങൾ കരുതുംപോലെ ഞങ്ങൾ ഒരേ ഗോത്രത്തിൽ പെട്ടവരല്ല. ഹൈഫയിൽനിന്നാണ് ജിഹാദ്. ഞാൻ അക്കയുടെ പ്രാന്തത്തിലുള്ള ഒരു ഗ്രാമത്തിൽനിന്നും. ഭൂപടത്തിൽ വ്യക്തമായി കാണാൻ പറ്റാത്ത ചെറിയൊരു ഗ്രാമമാണത്. 1948-ൽ വിധി ആ ഗ്രാമത്തിലുള്ളവരെ ലബനാനിലെ സൈദയിൽ ശത്തീലാ അഭയാർഥി ക്യാമ്പിലെത്തിക്കുകയായിരുന്നു.

1985-ലെ ലബനാനിലെ ആഭ്യന്തര യുദ്ധത്തിനിടയിൽ നടന്ന മിസൈൽ ആക്രമണവേളയിലാണ് എന്റെ ജനനം. ജിഹാദിന്റെ ജനനമാകട്ടെ 1982-ലെ സ്വബ്റാ-ശത്തീലാ കൂട്ടക്കുരുതി നടന്ന് ഒരു മാസത്തിനു ശേഷവും. വഞ്ചനയുടെ കരങ്ങളിൽനിന്നും വംശീയപക്ഷപാതങ്ങളിൽനിന്നും രക്ഷപ്പെടാൻ കഴിഞ്ഞ അപൂർവം ഭാഗ്യവാന്മാരിലൊരാളായിരുന്നു ജിഹാദിന്റെ ബാപ്പ.

ഞങ്ങളുടെ അവസ്ഥ നന്നായി മനസ്സിലാക്കാൻ അഭയാർഥിക്യാമ്പിലെ കഥ ഞാൻ വിവരിക്കാം. ശുബൈഫാത്ത് മുനിസിപ്പാലിറ്റിയിലെ അബ്ദുല്ല സ്വഅബ് എന്ന ലബനാൻകാരന്റെ ഉടമസ്ഥതയിൽ കുറച്ച് ഭൂമിയുണ്ടായിരുന്നു. പുള്ളി ബ്രസീലിൽ പ്രവാസജീവിതം നയിക്കുകയായിരുന്നു. ആ ഭൂമി സമീപ പൗരസ്ത്യ ദേശത്തെ ഫലസ്തീൻ അഭയാർഥികളെ സഹായിക്കാനുള്ള യു.എൻ ഏജൻസി വാടകക്കെടുത്തു. ലബനാനിൽ അബ്ദുല്ലാ സ്വഅബിന്റെ ഏജന്റിന്റെ പേര് സഅ്ദുദ്ദീൻ പാഷ ശത്തീല എന്നായിരുന്നു. യു.എൻ ഏജൻസി ഇവിടെ നിർമിച്ച ഫലസ്തീൻ അഭയാർഥിക്യാമ്പിന് ശത്തീല എന്ന് പേരു കിട്ടാൻ കാരണം ഇതത്രെ.

ലബനാനിലെ ആഭ്യന്തര കലാപത്തിനിടയിൽ ഇവിടത്തെ മിക്ക പാർപ്പിടങ്ങളും ജീവിതസൗകര്യങ്ങളും തകർക്കപ്പെട്ടു. സഹോദരങ്ങളായ ലബനീസ് അധികൃതർ ഇവ പുനർനിർമിക്കാൻ അനുവദിച്ചില്ല. ഫലസ്തീനികൾ ലബനാനിൽ അഭയം തേടിയപ്പോൾ പ്രസിഡന്റായിരുന്ന ബിശാറ ഖുവരിയുടെ നിലപാടിനു തികച്ചും വിരുദ്ധമായിരുന്നു ഈ നടപടി. വെള്ളമില്ല, വിദ്യുച്ഛക്തിയില്ല. ജീവിതത്തിന്റെ അടിസ്ഥാന സൗകര്യങ്ങളൊന്നുമില്ല. പുനരധിവാസത്തിന്റെ പേരു പറഞ്ഞ് അവർ ഞങ്ങളെ കയ്പു തീറ്റിക്കുകയായിരുന്നു. അതിനെ വിസമ്മതിച്ചുകൊണ്ട്, നാടുകടത്താനുള്ള കരുനീക്കങ്ങളെ ചെറുത്തുകൊണ്ട് ഞങ്ങൾ അതിജീവിക്കുക തന്നെ ചെയ്യും. എത്ര തവണ ഞങ്ങൾ പലായനം ചെയ്തു! ഇനിയുമൊരു ശൈഥില്യം ഞങ്ങൾ സഹിക്കുകയില്ല. 2003-ലെ അവസാന സ്ഥിതിവിവരക്കണക്കനുസരിച്ച് അഭയാർഥിക്യാമ്പിൽ താമസിക്കുന്നവർ പന്ത്രണ്ടായിരത്തോളം വരും. അവരുടെ കഷ്ടപ്പാടുകൾ അവർണനീയമാണ്. പ്രത്യേകിച്ചും ഓസ്ലോ കരാറിനു ശേഷം. ക്യാമ്പിലെ സൗകര്യങ്ങൾ അമേരിക്കൻ സമ്മർദഫലമായി യു.എൻ ഏജൻസി ആസൂത്രിതമായി വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. അവസാന സംഭാഷണങ്ങളിൽ ഫലസ്തീനിയെ ഒരരികിലാക്കുകയാണ് ലക്ഷ്യം.

പരസ്പരം ചേർന്നുനിൽക്കുന്നതാണ് ഫലസ്തീനിലെ വീടുകൾ. എല്ലാവർക്കും വേണം ഒളിയും മറയുമുള്ള ഒരു സ്ഥലം. അതിനാൽ അൽപം പണവും ലബനീസ് നിയമം ലംഘിക്കാൻ ധൈര്യവുമുള്ളവർ തനിക്കോ മക്കൾക്കോ കെട്ടിടം നിർമിക്കും. കെട്ടിടനിർമാണത്തിനുള്ള ലൈസൻസ് ഒരിക്കലും ഞങ്ങൾക്ക് കിട്ടുകയില്ല. ഒരു ക്രമവും വ്യവസ്ഥയുമില്ലാത്ത ഈ പാർപ്പിടത്തിൽ ഓരോ ഫ്ളാറ്റിലും ഒന്നിലേറെ കുടുംബങ്ങൾ പാർത്തുപോന്നു. ഓരോ കുടുംബത്തിനും ഒരു മുറി മാത്രം. കുളിമുറിയും അടുക്കളയുമൊക്കെ പൊതുവായിട്ടുള്ളത്. സ്വകാര്യത എന്ന സംഗതിയെക്കുറിച്ച് സ്വപ്നം പോലും കാണണ്ട. സ്വകാര്യത കിട്ടുമെങ്കിൽ ഒരു പക്ഷേ ഖബ്റിൽ മാത്രമായിരിക്കും. ഒരു പക്ഷേ എന്ന് വെറുതെ പറഞ്ഞതല്ല. ചിലപ്പോൾ റോഡ് വീതികൂട്ടാൻ ഖബ്റുകളും അവർ നിരപ്പാക്കും. ഇങ്ങനെയാണ് ഞാനും ജിഹാദും ഒരേ ഫ്ളാറ്റിൽ ഒത്തു

ചേർന്നത്. കുട്ടിക്കാലം മുതൽ യൗവനം വരെ ഞങ്ങൾ ഇവിടെ തന്നെയായിരുന്നു. ജിഹാദിന് എഞ്ചിനീയറിംഗിൽ ബാച്ചിലർ ബിരുദമുണ്ട്. എന്നിട്ട് ചെയ്യുന്ന ജോലിയോ പച്ചക്കറി വിൽപനയും. നൂറു കൂട്ടം ജോലികൾ വേറെയുണ്ടെങ്കിലും അതൊക്കെ ഫലസ്തീനികൾക്ക് വിലക്കപ്പെട്ടതാണ്. അതാണ് നിയമം. ഞങ്ങൾക്ക് അവകാശങ്ങളില്ല. നിശ്ശബ്ദം കഷ്ടപ്പെട്ടു കൊള്ളുക എന്നാണ് ഞങ്ങളോട് പറയുന്നത്. ആരുടെയും വികാരം ഞങ്ങൾ വ്രണപ്പെടുത്തരുത്!

എന്റെ കാര്യമാണെങ്കിൽ കഷ്ടിച്ച് സെക്കന്ററി പാസ്സാകാനേ എനിക്ക് പറ്റിയുള്ളൂ. സാമ്പത്തിക പരാധീനതതന്നെ കാരണം. യു.എൻ അഭയാർഥി ഏജൻസി അടുത്തകാലം വരെ വിദ്യാഭ്യാസം പ്രാഥമികഘട്ടം കഴിഞ്ഞാൽ അവസാനിച്ചു എന്നാണ് ധരിച്ചിരുന്നത്. അതിനാൽ സെക്കന്ററി ഘട്ടം ഞാൻ പൂർത്തിയാക്കിയത് സ്വന്തം ചെലവിലായിരുന്നു. ലബനാനിലെ ഫലസ്തീൻ അഭയാർഥി ക്യാമ്പുകളിൽ തൊഴിലില്ലായ്മയുടെ അനുപാതം 45 ശതമാനമാണെന്ന് ശ്രദ്ധിക്കുക. സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് ഏതാണ്ട് 14 ശതമാനം കണ്ട് വ്യാപിച്ചതിനു കാരണം അതത്രെ.

നബീലയുടെ മിഴികൾ ഈറനായി. പിന്നെ പുഞ്ചിരിച്ചുകൊണ്ട് തുടർന്നു: ഇതാണ് തമ്പുകളിലെ ജീവിതം. നീണ്ട പീഡനങ്ങൾ. അതിനിടെ സന്തോഷത്തിന്റെ നിമിഷങ്ങൾ മിന്നൽ പോലെ മിന്നിമറയുന്നു.

ലബനാൻ ജലവിതരണ വകുപ്പായിരുന്നു മുമ്പ് തമ്പുകളിൽ വെള്ളമെത്തിച്ചിരുന്നത്. ആഭ്യന്തര യുദ്ധത്തോടെ അതവസാനിച്ചു. തമ്പുവാസികൾ ഏഴു കിണറുകൾ കുഴിച്ചത് അങ്ങനെയാണ്. ചിലത് വറ്റിപ്പോയി. ചിലത് കൈയൂക്കുള്ളവർ കൈയടക്കി. എന്റെ കല്യാണദിവസം കുളിക്കാനുള്ള വെള്ളം കൊണ്ടുവരാൻ ഉമ്മ സഹോദരൻ ഖാലിദിനെ പുറത്തേക്കയക്കുകയായിരുന്നു. വൈദ്യുതി ജനറേറ്ററും തേടി ജിഹാദ് പോയി.

ചുറ്റും ചിതറിക്കിടക്കുന്ന മാലിന്യക്കൂമ്പാരങ്ങൾ ചവിട്ടി ജിഹാദ് വൈദ്യുതി തേടിയിറങ്ങി. ഇവിടെ ശുചീകരണ ജോലിക്കാരോ മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരോ ഇല്ല. അതൊക്കെ ക്യാമ്പ്‌വാസികൾക്കാവശ്യമില്ലാത്ത ആഡംബരങ്ങളാണ്. ആ രാത്രി ജിഹാദ് വലിയ ആനന്ദത്തിലായിരുന്നു. അതിനാൽ കുപ്പകളിലെ അവശിഷ്ടം തേടിയെത്തിയ പട്ടികളും പൂച്ചകളുമൊന്നും ജിഹാദിനെ അസ്വസ്ഥനാക്കിയില്ല. അതൊന്നും ചിന്തയിലേ വന്നില്ല. ദുർഗന്ധം വമിക്കുന്ന ചതുപ്പുകൾ താണ്ടി ജിഹാദ് മുന്നോട്ട് നടന്നു. ഇവിടത്തെ ഡ്രെയ്നേജ് വ്യവസ്ഥ ശാസ്ത്രകൽപിതകഥക്ക് പറ്റിയ പ്രമേയമാണ്. ഇന്നലത്തെ പോലെ മഴ പെയ്താൽ തമ്പിൽ കുളങ്ങൾ പ്രത്യക്ഷപ്പെടും. വെള്ളം വീടുകളിലും കടകളിലുമൊക്കെ ഒലിച്ചെത്തും!

ജിഹാദ് ശാന്തചിത്തനായി നടന്ന് നടന്ന് യുനെസ്കോ സംഭാവന ചെയ്ത വൈദ്യുതി ജനറേറ്ററിനടുത്തെത്തി. ആ രാത്രി ഒരു കാരണവശാലും സ്വാസ്ഥ്യം നഷ്ടപ്പെടുത്തരുതെന്ന് ജിഹാദ് തീരുമാനിച്ചിരുന്നു. 1985 മുതൽ 1986 വരെ തമ്പുകളിൽ വൈദ്യുതി പൂർണമായും വിഛേദിക്കപ്പെട്ട ശേഷം, നിർഭാഗ്യവശാൽ പണവും സ്വാധീനവുമുള്ള അബൂബസ്വാർ കൈയടക്കിവെച്ചിരിക്കുകയായിരുന്നു ജനറേറ്റർ. തമ്പുവാസികൾക്ക് വൈദ്യുതി വിറ്റ് കാശുണ്ടാക്കുകയായിരുന്നു അയാൾ.

'ഇന്ന് കല്യാണാഘോഷത്തിന് കുറച്ച് വൈദ്യുതി വേണ്ടിയിരുന്നു'-അബൂബസ്വാറിന്റെ മുമ്പിൽവന്ന് പറഞ്ഞു.

'അതിനെന്താ!' മീശ തഴുകിക്കൊണ്ട് അബൂബസ്വാർ പറഞ്ഞു. 'പണമടച്ച് വേണ്ടത്ര ഉപയോഗിച്ചോളൂ.'

സമ്പാദ്യത്തിന്റെ ഗണ്യമായൊരു ഭാഗം അന്നുരാത്രി വൈദ്യുതിക്കു വേണ്ടി മുടക്കേണ്ടിവന്നു ജിഹാദിന്. യഥാർഥത്തിലത് യുനെസ്കോ വക സൗജന്യമായിരുന്നു. തിരിച്ചു നടക്കുമ്പോൾ ജിഹാദ് പറഞ്ഞു: 'അബൂബസ്വാർ! ഇന്നു രാത്രി ജനറേറ്റർ കേടുവന്ന് എന്റെ സൗഭാഗ്യം തകർക്കുകയില്ലെന്ന് കരുതുന്നു.'

ജനറേറ്റർ മിക്കപ്പോഴും കേടുവരുമായിരുന്നു. കാരണം, ആർത്തിപ്പണ്ടാരമായ അബൂബസ്വാർ അതിന്റെ ഊർജപരിധി വിട്ട് പ്രവർത്തിപ്പിക്കുമായിരുന്നു. കഴിഞ്ഞ വർഷമാണ് അവസാനം അത് കേടുവന്നത്. അന്ന് തമ്പിലെ വൈദ്യുതിമുറി തന്നെ അഗ്നിക്കിരയായി.

അബൂബസ്വാർ ചിരിച്ചുകൊണ്ട് പറഞ്ഞു: 'നീ നിന്റെ പണി ശ്രദ്ധിച്ചാൽ മതി. നീ പണമടച്ച സ്ഥിതിക്ക് വൈദ്യുതിയുടെ കാര്യം ഞാനേറ്റു. അയാൾ കണ്ണിറുക്കി തന്റെ ഓഫീസിലേക്ക് കടന്നു. ജിഹാദ് കല്യാണാഘോഷത്തിന്റെ കാര്യത്തിൽ മനസ്സമാധാനമടഞ്ഞ് ഫ്ളാറ്റിലേക്ക് മടക്കയാത്ര ആരംഭിച്ചു. അവിടെ എത്തും മുമ്പ് തന്റെ പ്രേമകുടീരമാകാൻ പോവുന്ന, വാടകക്കെടുത്ത ഇടുങ്ങിയ കൊച്ചു മുറിയിൽ ഒന്ന് കയറിയിറങ്ങി.

മണവാട്ടിയെ കുളിപ്പിക്കാൻ വെള്ളം തേടിപ്പോയ ഖാലിദ് അതിന്റെ ഉടമ കമാലിന്റെ അടുത്തെത്തിയപ്പോൾ അയാളുടെ അലറുന്ന ശബ്ദമാണ് കേട്ടത്: 'എടോ ചങ്ങാതീ! വെള്ളത്തിന്റെ മാസവരി ഏഴു ഡോളറാണ്. അധികം വേണമെങ്കിൽ കൂടുതൽ പണമടക്കുക.'

'കമാലേ, എന്റെ വശം കൂടുതൽ പണമുണ്ടായിരുന്നെങ്കിൽ തരാൻ ഞാൻ മടിക്കുകയില്ലായിരുന്നു.' ദുഃഖസ്വരത്തിൽ കമാലിന്റെ മുമ്പിൽനിൽക്കുന്ന വൃദ്ധൻ പറഞ്ഞു.

'നിന്റെ വശം വേണ്ടത്ര പണമില്ലെങ്കിൽ വെള്ളം മിതമായി ഉപയോഗിക്കുക. മനുഷ്യാ, വെള്ളമെന്നാൽ ദൈവത്തിന്റെ അനുഗ്രഹമാണ്. എന്തിനാണത് നീ ധൂർത്തടിച്ചുകളയുന്നത്.'

'പക്ഷേ.....'

അതോടെ ആ സംഭാഷണം അവസാനിച്ചു. വൃദ്ധൻ ദുഃഖത്തോടെ കാലുകൾ വലിച്ചിഴച്ച് കമാലിന്റെ ഓഫീസിൽനിന്ന് പുറത്തിറങ്ങി. അപ്പോഴാണ് നബീലയുടെ സഹോദരൻ ഖാലിദ് അവിടെ എത്തുന്നത്. മണവാട്ടിയെ കുളിപ്പിക്കാനുള്ള വെള്ളത്തിനായി കൈയിലുള്ള കാശ് മുഴുവൻ ഖാലിദ് കമാലിന് കൊടുത്തു. അയാളുടെ ആർത്തി അടങ്ങട്ടെ.

ഖാലിദ് വീട്ടിലേക്ക് മടങ്ങി. പിന്നിൽ വെള്ളത്തൊട്ടികൾ കയറ്റിയ വണ്ടി വലിച്ചുകൊണ്ട് കഴുതയും. വീട്ടിലെത്തിയ വണ്ടിയിൽനിന്ന് കുട്ടികൾ വെള്ളത്തൊട്ടികൾ ഇറക്കിവെച്ചു. അപ്പോൾ എല്ലാ ദുരിതങ്ങൾക്കിടയിലും സ്ത്രീകളുടെ കല്യാണപ്പാട്ട് ഉയരുന്നുണ്ടായിരുന്നു:

നാഥാ, നീ പകർന്നാലും
സന്തോഷം ഖൽബിന്നകം
കദനം വിങ്ങും കാലം
സദയം നീക്കിയാലും
രക്ഷകാ, കാരുണ്യത്തിൻ
അക്ഷയകേദാരമേ
ആനന്ദസുധയൽപം
ഞങ്ങളും നുകരട്ടെ

നബീല പറഞ്ഞുനിർത്തിയപ്പോൾ ജിഹാദ് രാക്ഷസനെ അഭിമുഖീകരിച്ചു: "പ്രിയപ്പെട്ട രാക്ഷസരാജാ, ഇത് ലബനാനിലെ ശത്തീലാ ക്യാമ്പിലെ നിവാസികളുടെ മാത്രം കഥയല്ല. ലബനാനിലെ അഭയാർഥിക്യാമ്പുകളിൽ കഴിയുന്ന 1997-ലെ യു.എൻ അഭയാർഥി ഏജൻസിയുടെ കണക്കു പ്രകാരമുള്ള മൂന്ന് ലക്ഷത്തി അറുപതിനായിരം അഭയാർഥികളുടെ അവസ്ഥയാണ്. ഞങ്ങളുടെ ദുരന്തത്തിന്റെ ആഴത്തെക്കുറിച്ച് ഇപ്പോൾ എന്തുതോന്നുന്നു?"

വീണ്ടും തപ്തമായൊരു മണൽ കൊടുങ്കാറ്റ് ആഞ്ഞുവീശി. രാക്ഷസൻ ഒരു ഭീമൻ പാറക്കല്ലെടുത്ത് കണ്ണീർ

തുടച്ചു: “ജിഹാദേ, അമ്മാറിന്റെ മൂന്നിലൊന്ന് രക്തം നിനക്ക് ദാനമായി വിട്ടുതന്നിരിക്കുന്നു. നിങ്ങളൊക്കെ വിചാരണ കൂടാതെ സ്വർഗത്തിൽ കടക്കാൻ അവകാശമുള്ളവരാണ്”-രാക്ഷസൻ തന്റെ പരുക്കൻ ശബ്ദത്തിൽ പറഞ്ഞു.

“രാക്ഷസരാജാവേ, നന്ദി നന്ദി”-അമ്മാർ സന്തോഷത്താൽ ആർത്തുവിളിച്ചു.

“വേണ്ട, വേണ്ട. മൂന്നിലൊന്ന് രക്തം ഇപ്പോഴും എന്റെ അധീനത്തിലാണ്. അതുകൊണ്ട് നീ ഒതുങ്ങിക്കൊള്ളുക”-രാക്ഷസൻ അട്ടഹസിച്ചു.

അമ്മാർ ഭയന്നു വിറച്ച് ബോധംകെട്ടുവീണു. രാക്ഷസൻ രക്തപാനം ചെയ്യാൻ അവനെ കൈപ്പത്തിയിൽ പൊക്കിയെടുത്തു. തൽസമയം മുഹമ്മദിന്റെ ശബ്ദമുയർന്നു. “രാക്ഷസരാജാ, എന്റെ കഷ്ടകഥ അങ്ങ് ഇനിയും കേട്ടിട്ടില്ലല്ലോ.”

രാക്ഷസൻ അൽപസമയം ആലോചനയിൽ മുഴുകി. പിന്നെ നിലത്ത് ചമ്രംപടിഞ്ഞിരുന്നു. അമ്മാറിനെ ഒരു ഭാഗത്ത് കിടത്തി. എന്നിട്ട് പറഞ്ഞു: “ശരി, നിന്റെ കൂടി ദുരന്തകഥ കൊണ്ട് എന്റെ ചെവി തോണ്ടുക. എന്നാൽ ഒരു കാര്യം ഓർത്തോളണം. എനിക്കത് ബോധ്യമായില്ലെങ്കിൽ നിങ്ങളെ മുഴുവൻ ഞാൻ കൊന്നൊടുക്കും; നിങ്ങൾ നാലു പേരെയും ഒന്നിച്ച്, മനസ്സിലായോ?”

(തുടരും)